# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1666**

**05.12.2014 - ൽ മറുപടിക്ക്**

## നീര ഉൽപ്പാദനവും വിതരണവും നടത്തുന്നതിന് ഏജൻസികൾ

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|---|
| എ) നീര ഉല്പാദിപ്പിക്കുന്നതിന് നാളീകേര വികസന ബോർഡ്, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി, ബോണഫൈഡ് ജാഗറി പ്രൊഡ്യൂസേഴ്സ്, കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ തുടങ്ങിയ ഏജൻസികളെ ചുമതലപ്പെടുത്തി ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; | | എ) കൃഷി വകുപ്പിൽ നിന്നും ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ സർക്കാർ ഉത്തരവ് നം.17/2014/നികുതി വകുപ്പ് തീയതി, 03/02/2014 പ്രകാരം സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും, ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് &മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി / സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക് ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, അനുമതി നല്കി ഉത്തരവായിട്ടുണ്ട്. |
| ബി) ഇല്ലെങ്കിൽ ഇതിന്റെ കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ; | | ബി) ബാധകമല്ല. |
| സി) കേരള അബ്കാരി ചട്ടം ഭേദഗതി ചെയ്യാത്തതു കാരണം നീരയുടെ ഉൽപ്പാദനമോ വിതരണമോ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കാൻ കഴിയുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | സി) കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ